## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *87 — 7.2.2013-ലെ മറുപടിക്ക്

### അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ: | എ) കേന്ദ്ര നിയമമായ 1990 -ലെ സംസ്ഥാന മാനസികാരോഗ്യ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായ സാഹചര്യത്തിൽ മെന്റൽ ഹെൽത്ത് ആക്ട് 1987 -ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാനത്തെ സാഹചര്യങ്ങൾക്കുതകുന്ന രീതിയിൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് രൂപീകരിക്കുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടു കൂടി ടി റൂൾ വിജ്ഞാപനം ചെയ്ത് പ്രാബല്യത്തിൽ വരികയും അതിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുകയും ചെയ്തുവരുന്നു. |
| ബി) ലൈസൻസിനായി അപേക്ഷിച്ച 107 സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ എത്രയെണ്ണത്തിനാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കുമോ: ബാക്കിയുള്ളവയുടെ പ്രവർത്തനം നിർത്താൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | ബി) ലൈസൻസിനായി അപേക്ഷിച്ച സ്ഥാപനങ്ങളിൽ 16 എണ്ണത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതുവരെ ലൈസൻസിനായി 194 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 183 എണ്ണം അപേക്ഷ ലഭിച്ച മുറയ്ക്ക് ടി കേന്ദ്രങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിശോധനയ്ക്കായി സൈക്യാട്രിക് ഇൻസ്പെക്റ്റിംഗ് ഓഫീസർമാർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 146 സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പരിശോധനാ റിപ്പോർട്ടുകളിൽ നാളിതുവരെ 32<br><br>സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി കണ്ടെത്തിയത്. ഇതിൽ 16 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി കഴിഞ്ഞു. കൂടാതെ മറ്റു 16 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | **അനധികൃത കേന്ദ്രങ്ങളെ കണ്ടുപിടിച്ച് നിയന്ത്രിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;** | സി) | **സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളും ലൈസൻസിനായി അപേക്ഷിക്കണം എന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ 2012 ജനുവരി മാസത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന** പ്രസിദ്ധികരിച്ചിട്ടുണ്ട്. തങ്ങളുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മനോരോഗ ചികിത്സാ കേന്ദ്രങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും ആഭ്യന്തര വകുപ്പിനോടും ഡി.എച്ച്.എസ്സിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. അനധികൃത സ്ഥാപനമാണെന്ന് കാണിച്ചുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അത്തരം സ്ഥാപനങ്ങളുടെ മേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. ലൈസൻസിനായി ഇനിയും അപേക്ഷിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. |
| ഡി) | അശാസ്ത്രീയ ചികിത്സാരീതികൾ പിന്തുടരുന്ന സ്ഥാപനങ്ങളുടെ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ: | ഡി) | അശാസ്ത്രീയ ചികിത്സാ മാർഗ്ഗങ്ങൾ നൽകി വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയില്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് ഇത്തരം സ്ഥാപനങ്ങളുടെ മേൽ നടപടികൾ കൈക്കൊള്ളാറുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ അംഗീകൃത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിയശേഷം ടി സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കുകയാണ് ചെയ്യാറുള്ളത്. കെയർ ഇൻഡ്യാ ഹോം പത്തനംതിട്ട. സ്നേഹഭവൻ തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾ ഈ രീതിയിൽ അടച്ചു പൂട്ടിയവയാണ്. ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സ്ഥാപനങ്ങൾക്കെതിരെ ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും നിയമ നടപടികൾ കൈക്കൊള്ളുന്നു. |
| ഇ) | സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിലെന്നപോലെ മോണിറ്ററിംഗ് കമ്മറ്റിയോ. ബോർഡ് ഓഫ് വിസിറ്റേഴ്സോ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | ഇ) | ഇക്കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ